LIBRARY ARCHIVES Kerala Legislative Assembly

## കേരള വാറ്റ് ആംനസ്റ്റി സ്കീം

82 (1810) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ, കേരള വാറ്റ് ആംനസ്റ്റി സ്കീം പ്രഖ്യാപിച്ചിരുന്നോ; ഇതിലൂടെ എത്ര കോടി രൂപയുടെ വാറ്റ് കുടിശ്ശിക പിരിച്ചെടുക്കാനാണ് ഉദ്ദേശിച്ചത്;

&

(ബി) 2020 ഡിസംബർ 31 വരെ എത്ര കോടി രൂപ പിരിച്ചെടുത്തെന്ന് വ്യക്തമാക്കുമോ?

വിവരം ശേഖരിച്ചുവരുന്നു.

## നികുതി നെറ്റ്‌വർക്ക് വ്യാപിപ്പിക്കുന്നതിന് നടപടി

83 (1811) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സേവനമേഖലയിൽ പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തി നികുതിയുടെ നെറ്റ്‌വർക്ക് വ്യാപിപ്പിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

റെസ്റ്റോറന്റുകൾ, കേബിൾ ടി.വി ഓപ്പറേറ്റർമാർ തുടങ്ങി സേവനമേഖലയിലുള്ള വ്യക്തികളുടെ നികുതി വകുപ്പിൽ ലഭ്യമായതും ബാങ്കുകൾ, ഇ-കൊമേഴ്സ് ഓപ്പറേറ്റേഴ്സ്, കെ.എസ്.ഇ.ബി. തുടങ്ങിയ ഏജൻസികളിൽ നിന്നും ലഭ്യമായതുമായ വിവരങ്ങൾ വിശകലനം ചെയ്ത് രജിസ്ട്രേഷനെടുക്കാൻ ബാദ്ധ്യസ്ഥരായ വ്യക്തികളെ ചരക്ക സേവന നികുതി നിയമപ്രകാരം രജിസ്ട്രേഷനെടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## റവന്യൂ റിക്കവറി നടത്തി പിരിച്ചെടുക്കേണ്ട തുക

84 (1812) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ റിക്കവറി നടത്തി പിരിച്ചെടുക്കേണ്ട തുക സംബന്ധിച്ച് നികുതി വകുപ്പിന്റെ പക്കൽ വ്യക്തമായ വിവരങ്ങൾ ഇല്ലെന്നുള്ള ആക്ഷേപത്തിന്റെ നിജസ്ഥിതി വ്യക്തമാക്കുമോ?

നികുതി വകുപ്പിന്റെ 31-3-2021-ലെ കണക്കനുസരിച്ച് റവന്യൂ റിക്കവറി നടത്തി ജില്ലാ കളക്ടർ മുഖേന പിരിച്ചെടുക്കുവാനായി നികുതിയിനത്തിൽ മാത്രം 4029.18 കോടി രൂപയും ഇൻസ്പെക്റ്റിംഗ് അസിസ്റ്റന്റ് കമ്മീഷണർ (ഇപ്പോഴത്തെ ഡെപ്യൂട്ടി കമ്മീഷണർ) മുഖേന പിരിച്ചെടുക്കാനായി നികുതിയിനത്തിൽ 3832.81 കോടി രൂപയും ഉണ്ട്.

(ബി) നികുതി-റവന്യൂ വകുപ്പുകളിൽ ഇത് സംബന്ധിച്ചുള്ള കണക്കിൽ വ്യത്യാസമുണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കുമോ?

വിവരം ശേഖരിച്ചുവരുന്നു.

**തദ്ദേശസ്ഥാപനങ്ങൾക്ക് നൽകുന്ന ജി.എസ്.ടി. വിഹിതം**

85 (1813) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി പറയാമോ:

ജി.എസ്.ടി.-യിൽനിന്ന് ലഭ്യമാകുന്ന പണത്തിന്റെ വിഹിതം തദ്ദേശസ്ഥാപനങ്ങൾക്ക് നൽകുമെന്ന പ്രഖ്യാപനം പാലിക്കാനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; നാളിതുവരെ ഇപ്രകാരം എത്ര തുക കൈമാറിയിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

വിവരം ശേഖരിച്ചുവരുന്നു.

**ജി.എസ്.ടി. വിഹിതം**

86 (1814) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. ഇനത്തിൽ സംസ്ഥാന ഗവൺമെന്റിന് കേന്ദ്രം നൽകേണ്ട വിഹിതം ലഭിക്കാത്തതുകൊണ്ട് സംസ്ഥാനത്തെ വികസന പ്രവർത്തനങ്ങൾ തടസ്സപ്പെടുന്നുണ്ടോ?

ചരക്ക് സേവന നികുതി നടപ്പിലാക്കിയപ്പോൾ ലഭിക്കേണ്ട, സംസ്ഥാനത്തിന് അർഹതപ്പെട്ട റവന്യൂ വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം യഥാസമയം കേന്ദ്ര സർക്കാർ അനുവദിക്കാത്തത് ദൈനംദിന ലിക്വിഡിറ്റി പ്രതിസന്ധി സൃഷ്ടിച്ചിരുന്നു. ടി സ്ഥിതി ഈ സാമ്പത്തിക വർഷവും തുടരുന്നുവെന്നതൊരു വസ്തുതയാണ്. തത്ഫലമായി ടി പ്രതിസന്ധി പരിഹരിക്കുന്നതിനായി കടമെടുക്കേണ്ടിവരുന്നതിനാൽ പലിശയിനത്തിൽ അധിക ബാധ്യതയും ഉണ്ടാകുന്നു. ഈ പ്രതിസന്ധി ഘട്ടത്തിലും സർക്കാരിന്റെ ക്രിയാത്മകവും ഭാവനാപൂർണ്ണവുമായ നടപടികളുടെയും ധനദൃഢീകരണ പ്രവർത്തനങ്ങളുടെയും ഫലമായി വികസന ക്ഷേമപ്രവർത്തനങ്ങൾ ഭംഗം കൂടാതെ നടത്താൻ സാധിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly